# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

[Mahatma Gandhi NREGA Social Audit Society Kerala

(MGNSASK)]

---

***11.11.2021 വ്യാഴാഴ്ച രാവിലെ 11 മണിയ്ക്ക്***

***ചെയർമാൻ & ജലവിഭവവകുപ്പ് സെക്രട്ടറി ശ്രീ. പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്സിന്റെ അധ്യക്ഷതയിൽ ചേർന്ന 12-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ***

# മിനിട്ട്സ്

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരളയുടെ 11.11.2021-ന് ചേർന്ന, 12-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള യുടെ 12-ാമത് ഗവേർണിംഗ് ബോഡി യോഗം 11.11.2021-ന് 11 മണിക്ക് ബഹു. ചെയർമാൻ ശ്രീ. പ്രണബ്ജ്യോതിനാഥ് ഐ.എ.എസ്സ്, (സെക്രട്ടറി, ജലവിഭവവകുപ്പ്) അദ്ധ്യക്ഷതയിൽ ആരംഭിച്ചു. വൈസ്ചെയർമാനും, കൺവീനർ കൂടിയായ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടറും യോഗത്തിൽ ഹാജരായി. (ഹാജർ അന്യത്ര ചേർത്തിട്ടുണ്ട്).

ചെയർമാന്റെ ആമുഖ പ്രസംഗത്തിനുശേഷം, ഡയറക്ടർ യോഗത്തിന്റെ അജണ്ട ഇനങ്ങൾ ഓരോന്നും വായിച്ച് അവതരിപ്പിച്ചു.

ചർച്ചകൾക്ക്ശേഷം കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ;

**അജണ്ട:1**

**06.07.2021-ന് ചേർന്ന 11-ാമത് ഗവേർണിംഗ് ബോഡി യോഗതീരുമാനങ്ങളിന്മേൽ കൈക്കൊണ്ട തുടർനടപടികളെ സംബന്ധിച്ച്**

11-ാമത് ഗവേർണിംഗ്ബോഡി യോഗ തീരുമാനങ്ങളിന്മേൽ കൈക്കൊണ്ട നടപടികൾ യോഗം അംഗീകരിച്ചു.

**അജണ്ട:2**

**കൺകറന്റ് സോഷ്യൽ ഓഡിറ്റ് പ്രക്രിയ-പുരോഗതി റിപ്പോർട്ട് (01.04.2021 മുതൽ 30.10.2021 വരെ യുള്ളത്)**

കോവിഡ്-19 മഹാമാരിയുടെ കടുത്ത വ്യാപനം, ലോക്ഡൗൺ, മതിയായ ഫണ്ട് ലഭിക്കാ ത്തതിനെ തുടർന്ന് വേതനവിതരണം തടസ്സപ്പെടൽ എന്നീ കാരണങ്ങളാൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ മന്ദഗതിയിലായി എന്ന് യോഗം വിലയിരുത്തുകയുണ്ടായി. തുടർന്ന് 01.04.2021 മുതൽ 31.10.2021 വരെയുള്ള കൺകറന്റ് സോഷ്യൽ ഓഡിറ്റ് പുരോഗതി റിപ്പോർട്ട് അംഗീകരിച്ചു.

**അജണ്ട:3**

**വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം(17.06.2021 മുതൽ 30.09.2021 വരെയുള്ളത്)**

17.06.2021 മുതൽ 30.09.2021 വരെയുള്ള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വരവ്-ചെ ലവ് കണക്കുകൾ അംഗീകരിച്ചു.

**അജണ്ട 3 (ii, iii) :**

**ബഡ്ജറ്റ് 2021–22**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ നിലവിലുള്ള ധനകാര്യസ്ഥിതിയും നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും പ്രസ്തുത വിഷയം ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെയും തദ്ദേശ സ്വയം ഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു. ആവശ്യമെങ്കിൽ ഡൽഹിയിൽ പോയി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിലെ ബന്ധപ്പെട്ടവരെ നേരിൽ കണ്ട് പ്രശ്ന-പരിഹാരത്തിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

19.33 കോടി രൂപ വരവും അത്ര തന്നെ ചെലവും പ്രതീക്ഷിച്ചുകൊണ്ട് തയ്യാറാക്കിയ 2021–2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് യോഗം അംഗീകരിച്ചു.

**അജണ്ട 4:**

**ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ആഡിറ്റ് റിപ്പോർട്ട്– 2020–2021 ചർച്ചയും അംഗീകാരവും**

ചാർട്ടേർഡ് അക്കൗണ്ടന്റ് തയ്യാറാക്കിയ 2020–21–ലെ ആഡിറ്റ് റിപ്പോർട്ട് യോഗം ചർച്ച ചെയ്യുകയും ആഡിറ്റ് റിപ്പോർട്ടിലെ അനുബന്ധം–1–ലെ പരാമർശങ്ങളിന്മേൽ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

**അജണ്ട 5:**

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്**

കേരളത്തിന്റെ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഘടന പരിഗണിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ ഓരോ പഞ്ചായത്തിലും വാർഡ് അടിസ്ഥാനത്തിൽ തുടർന്നും സംഘടിപ്പിക്കുന്നതായിരിക്കും ഉചിതമെന്ന് യോഗം വിലയിരുത്തുകയും ഈ വിഷയം ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ശ്രീ. സി.കെ ഹരീന്ദ്രൻ എം. എൽ. എ, വൈസ് ചെയർമാൻ ശ്രീ. എസ്.രാജേന്ദ്രൻ, ഡയറക്ടർ ഡോ. എൻ.രമാകാന്തൻ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായുള്ള എം.ഐ.എസ് ഫോർമാറ്റിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കണമെന്നും യോഗം തീരുമാനിച്ചു.

16/11/2021

**അജണ്ട :6**

**2020-2021 ലെ ഭരണറിപ്പോർട്ട്**

2020-21 -ലെ ഭരണറിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു.

**അജണ്ട:7**

**Social Audit MIS Manual പ്രകാരമുള്ള ഓഡിറ്റ് വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി Mobile Application വികസിപ്പിക്കുന്നത് സംബന്ധിച്ച്**

സോഷ്യൽ ഓഡിറ്റ് എം.ഐ.എസ്സ്. മാനുവൽ പ്രകാരമുള്ള വിശദാംശങ്ങൾ തയ്യാറാക്കി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന് നൽകുന്നതിന് തീരുമാനിച്ചു. ഇതിനായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷിന്റെ ആവശ്യകത ഇല്ലെന്നും പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കേണ്ടതില്ലെന്നും യോഗം തീരുമാനിച്ചു.

**അജണ്ട:8**

**സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ**

നിലവിൽ ഒഴിവുള്ള സോഷ്യൽ ഓഡിറ്റ് വില്ലേജ്, ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ മാർഗ്ഗ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും യോഗം അംഗീകരിക്കുകയും എത്രയും വേഗം നിയമന നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

**അജണ്ട:9**

**ഇതര വകുപ്പ്/സ്ഥാപനങ്ങളിൽ നിന്നും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണമെന്ന അപേക്ഷകൾ (ഭക്ഷ്യപൊതുവിതരണവകുപ്പ്, വിദ്യാഭ്യാസ വകുപ്പിന്റെ ഉച്ചഭക്ഷണ പദ്ധതി (കേരളത്തിന്റെതും ലക്ഷദ്വീപിന്റെതും)**

സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെയും ലക്ഷദ്വീപ് ഭരണകൂടത്തിന്റെയും Mid Day Meal Scheme സോഷ്യൽ ഓഡിറ്റ് ചെയ്യുന്നതിനുള്ള അഭ്യർത്ഥന സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

16/11/20

**ചെയർമാൻ അനുവദിക്കുന്ന ഇതരവിഷയങ്ങൾ**

**അജണ്ട:10**

**സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റിന്റെയും സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ടിന്റെയും നിയമന കാലാവധി സംബന്ധിച്ച്**

സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട് ശ്രീ. ജോർജ്ജ് ജേക്കബ്ബിന്റെ സേവനം അവസാനിപ്പിക്കണമെന്ന അദ്ദേഹത്തിന്റെ അപേക്ഷ അംഗീകരിക്കുകയും നിലവിലെ സേവന കാലാവധി തീരുന്ന മുറയ്ക്ക് അദ്ദേഹത്തെ പിരിഞ്ഞു പോകുന്നതിന് അനുവാദം നൽകുന്നതിനും തീരുമാനിച്ചു. ഒഴിവുള്ള സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട്, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ, എം.ഐ.എസ്. എക്സ്പെർട്ട്, ക്ലറിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ് ശ്രീ. ഇ ശ്രീകുമാറിന്റെ സേവനകാലാവധി 04.12.2021 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12-ന് അവസാനിച്ചു.

16-11-21.

**ഡോ. എൻ.രമാകാന്തൻ**
ഡയറക്ടർ
എസ്.എ.യു.കേരള

16/11/2021

**പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്**
ചെയർമാൻ, ഗവേർണിംഗ് ബോഡി എസ്.എ.യു കേരള
ജലവിഭവവകുപ്പ് സെക്രട്ടറി.

**ഹാജർ**

1. ശ്രീ. എസ്.രാജേന്ദ്രൻ, വൈസ് ചെയർമാൻ, ഗവേർണിംഗ് ബോഡി
2. ശ്രീ. സി.കെ. ഹരീന്ദ്രൻ എം.എൽ.എ., മെമ്പർ ഗവേർണിംഗ് ബോഡി
3. ഡോ. എൻ.രമാകാന്തൻ, ഡയറക്ടർ (സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള)
4. ശ്രീ. ബിജുക്കുട്ടൻ എം.എസ് (അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)
5. ശ്രീ. അരുൺ. പി. രാജൻ (കുടുംബശ്രീ)